ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:01.04.2025**

## പ്രധാനവാർത്തകൾ

1.) **രാജ്യത്തെ പണമിടപാട് അടിസ്ഥാന സൗകര്യ ആധുനികവത്കരണത്തിലൂടെ ആഗോള തലത്തിൽ ഇന്ത്യയെ മുന്നിൽ എത്തിക്കാൻ ആർ ബി ഐ നിർണ്ണായക പങ്ക് വഹിച്ചതായി രാഷ്ട്രപതി ദ്രൗപദി മുർമു.**

2.) **ആശാ പ്രവർത്തകരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ ആരോഗ്യമന്ത്രി വീണ ജോർജ്ജ് ഇന്ന് കേന്ദ്ര ആരോഗ്യമന്ത്രിയുമായി ന്യൂഡൽഹിയിൽ ചർച്ച നടത്തും.**

3.) **ഓട്ടിസം ബാധിതരെ മുഖ്യധാരയിലേക്ക് കൊണ്ടുവരേണ്ടത് സമൂഹത്തിൻറെ ഉത്തരവാദിത്തമാണെന്ന് മന്ത്രി ആർ ബിന്ദു.**

4.) **കേരള സർവ്വകലാശാലയിൽ എംബിഎ വിദ്യാർത്ഥികളുടെ ഉത്തരക്കടലാസുകൾ നഷ്ടപ്പെട്ട സംഭവത്തിൽ പരീക്ഷാ വിഭാഗത്തിൻറെ അടിയന്തര യോഗം ഇന്ന് തിരുവനന്തപുരത്ത്.**

5.) **വരയാടുകളുടെ പ്രജനനകാലം അവസാനിച്ചതോടെ രണ്ടുമാസത്തിന് ശേഷം ഇരവികുളം ദേശീയോദ്യാനം തുറന്നു.**

6.) **ഐ എസ് എൽ ഫുട്ബോൾ ആദ്യ സെമിയിൽ നാളെ ഗോവയും ബംഗളുരുവും ഏറ്റുമുട്ടും.**

RNU TVPM

*************************************

## രാഷ്ട്രപതി

രാജ്യത്തെ പണമിടപാട് അടിസ്ഥാന സൗകര്യ ആധുനികവത്കരണത്തിലൂടെ ആഗോള തലത്തിൽ ഇന്ത്യയെ മുന്നിൽ എത്തിക്കാൻ ആർ ബി ഐ നിർണ്ണായക പങ്ക് വഹിച്ചതായി രാഷ്ട്രപതി ദ്രൗപദി മുർമു. റിസർവ് ബാങ്കിൻറെ 90-ാാം വാർഷികാഘോഷ സമാപനച്ചടങ്ങിനെ മുംബൈയിൽ അഭിസംബോധന ചെയ്യുകയായിരുന്നു രാഷ്ട്രപതി. രാജ്യത്തിന്റെ സാമ്പത്തിക മേഖലയെ ശക്തിപ്പെടുത്തുന്നതിന് ആർബിഐ വഹിച്ച പങ്കിനെ കുറിച്ചും ശ്രീമതി മുർമു പറഞ്ഞു.

***********************************

## വഖഫ് ഭേദഗതി ബിൽ-കിരൺ റിജിജു

വഖഫ് ഭേദഗതി ബിൽ പാർലമെൻറിൽ അവതരിപ്പിക്കുമ്പോൾ വിശദമായ ചർച്ചയിൽ പങ്കെടുക്കണമെന്ന്, എല്ലാ രാഷ്ട്രീയ പാർട്ടികളോടും അഭ്യർത്ഥിച്ച് കേന്ദ്ര മന്ത്രി കിരൺ റിജിജു. ചില നേതാക്കൾ ബില്ലിനെക്കുറിച്ച് നുണകൾ പ്രചരിപ്പിക്കുന്നുണ്ടെന്നും അദ്ദേഹം ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു. നിരപരാധികളായ ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാനുള്ള ഇത്തരം ശ്രമങ്ങൾ അപലപനീയമാണെന്നും കേന്ദ്രമന്ത്രി വ്യക്തമാക്കി.

RJU TVPM

***********************************

## വീണാ ജോർജ്-ന്യൂഡൽഹി

സംസ്ഥാനത്തെ ആശാ പ്രവർത്തകരുടെ പ്രശ്നങ്ങൾ കേന്ദ്ര സർക്കാരുമായി ചർച്ച ചെയ്യാൻ ആരോഗ്യമന്ത്രി വീണ ജോർജ് ന്യൂഡൽഹിയിൽ എത്തി. കേന്ദ്ര ആരോഗ്യ മന്ത്രി ജെ പി നദ്ദയുമായി ശ്രീമതി വീണ ജോർജ് കൂടിക്കാഴ്ച് നടത്തും. ഉച്ചയ്ക്ക് ശേഷം കൂടിക്കാഴ്ച നടത്തുമെന്നാണ് സൂചന.

അതെസമയം, ആശാ പ്രവർത്തകർ സെക്രട്ടേറിയറ്റിനു മുന്നിൽ നടത്തുന്ന സമരം 51-ാം ദിവസത്തിലേയ്ക്കും അനിശ്ചികാല നിരാഹാര സമരം 13-ാം ദിവസത്തിലേക്കും കടന്നു.

***********************************

## ഓട്ടിസം - മന്ത്രി ആർ ബിന്ദു (ഇൻട്രോ)

ഓട്ടിസം ഉൾപ്പെടെയുള്ള നാഡീ സംബന്ധമായ പ്രശ്നങ്ങളിലൂടെ കടന്നു പോകുന്നവരെ മുഖ്യധാരയിലേക്ക് കൊണ്ടുവരേണ്ടത് സമൂഹത്തിൻറെ കടമയാണെന്ന് മന്ത്രി ആർ ബിന്ദു. ലോക ഓട്ടിസം ബോധവത്കരണ ദിനാചരണത്തിന് മുന്നോടിയായി സംഘടിപ്പിച്ച റൺ ഫോർ ഓട്ടിസം വാക്കത്തോൺ ഇരിങ്ങാലക്കുടയിൽ ഫ്ലാഗ് ഓഫ് ചെയ്യുകയായിരുന്നു മന്ത്രി.

(വോയിസ്)

***********************************

## കേരള സർവ്വകലാശാല

കേരള സർവ്വകലാശാലയിലെ എംബിഎ വിദ്യാർത്ഥികളുടെ ഉത്തരക്കടലാസുകൾ നഷ്ടപ്പെട്ട സംഭവത്തിൽ പരീക്ഷാ വിഭാഗത്തിൻറെ അടിയന്തര യോഗം തിരുവനന്തപുരത്ത് പുരോഗമിക്കുന്നു. വൈസ് ചാൻസലർ മോഹനൻ കുന്നുമ്മലിന്റെ അധ്യക്ഷതയിലാണ് യോഗം. വിദ്യാർത്ഥികൾക്ക് പ്രയാസം ഉണ്ടാകാത്ത തരത്തിൽ പ്രശ്നം പരിഹരിക്കാനാണ് സർവ്വകലാശാലയുടെ ശ്രമം. അതെസമയം, സർവ്വകലാശാല ആസ്ഥാനത്തേക്ക് എ ബി വി പി നടത്തിയ പ്രതിഷേധ മാർച്ച് സംഘർഷത്തിൽ കലാശിച്ചു.

***********************************

RNU TVPM

## അരങ്ങ് 2025 - കലാമേള

കുടുംബശ്രീയുടെ 27-◌ാ◌ം വാർഷികത്തിൻറെ ഭാഗമായി അയൽക്കൂട്ടം, ഓക്സിലറി അംഗങ്ങളുടെ സർഗോത്സവമായ 'അരങ്ങ് 2025' കലാമേളക്ക് ഇടുക്കിയിൽ തുടക്കം. എ.ഡി.എസ്, സി.ഡി.എസ്, ബ്ലോക്ക് ക്ലസ്റ്റർ, ജില്ലാതലം, സംസ്ഥാനതലം എന്നീ ഘട്ടങ്ങളിലായാണ് മത്സരങ്ങൾ പുരോഗമിക്കുന്നത്. ജില്ലാതല മത്സരങ്ങൾ അടുത്ത മാസം 10 നകം പൂർത്തിയാക്കും.

***********************************

## ധവള വിപ്ലവം-തൃശ്ശൂർ.. ഇൻട്രോ

ധവള വിപ്ലവത്തിന് ഒരുങ്ങി തൃശ്ശൂർ ജില്ലയിലെ വല്ലച്ചിറ ഗ്രാമപഞ്ചായത്. പാൽ ഉത്പാദനത്തിൽ അതിവേഗ വളർച്ച കൈവരിച്ച് ധവള വിപ്ലവത്തിന് തുടക്കം കുറിക്കുകയാണ് വല്ലച്ചിറ ഗ്രാമപഞ്ചായത്ത്. **വിശദാംശങ്ങളുമായി ആകാശവാണി തൃശ്ശൂർ ജില്ലാ പ്രതിനിധി ഭരിതാ പ്രതാപ്....**

(വോയ്സ്)

RNU TVPM

***********************************

## വികസിത് ഭാരത് യൂത്ത് പാർലമെന്റ്

യുവജനകാര്യ, കായിക മന്ത്രാലയത്തിന്റെ മൂന്ന് ദിവസത്തെ വികസിത് ഭാരത് യൂത്ത് പാർലമെന്റ് ഇന്ന് ന്യൂഡൽഹിയിൽ ആരംഭിക്കും. "ഒരു രാഷ്ട്രം, ഒരു തിരഞ്ഞെടുപ്പ്", "വികസിത് ഭാരത്" എന്നിവയെക്കുറിച്ചുള്ള ചോദ്യോത്തര വേള ഉൾപ്പെടെയുള്ള ഉന്നതതല ചർച്ചകളും യൂത്ത് പാർലമെൻറിൽ നടക്കും. പരിപാടി വ്യാഴാഴ്ച സമാപിക്കും.

***********************************

## ബ്രേക്ക്...

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

***********************************

## ഐ എസ് എൽ ഫുട്ബോൾ

ഐ എസ് എൽ ഫുട്ബോൾ സെമി ഫൈനൽ മത്സരങ്ങൾക്ക് നാളെ തുടക്കം. ആദ്യ സെമി ഗോവയും ബംഗളുരുവും തമ്മിലാണ്. മോഹൻ ബഗാനും ജംഷഡ്പുരും തമ്മിലുള്ള രണ്ടാം സെമി ഈ മാസം മൂന്നിന് നടക്കും. ഏപ്രിൽ 12 നാണ് ഫൈനൽ.

***********************************

## ഇരവിപുരം - വരയാട്

ഇരവികുളം ദേശീയോദ്യാനം വിനോദ സഞ്ചാരികൾക്കായി തുറന്നു. വരയാടുകളുടെ പ്രജനനകാലം അവസാനിച്ചതോടെയാണ് രണ്ടുമാസമായി അടച്ചിട്ടിരുന്ന ഉദ്യാനം തുറന്നത്. മൂന്നാർ വൈൽഡ് ലൈഫ് ഡിവിഷന്റെ നേതൃത്വത്തിൽ ഈ മാസം 20-നു ശേഷം നടക്കുന്ന വരയാടിൻ കുഞ്ഞുങ്ങളുടെ കണക്കെടുപ്പിൽ ഇവയുടെ എണ്ണം കൃത്യമായി അറിയാം.

RNUTVPM

***********************************

## കണ്ണൂർ - വായ്പ (ഇൻട്രോ)

കണ്ണൂർ ജില്ലയിലെ വിവിധ ബാങ്കുകൾ വഴി കഴിഞ്ഞ സാമ്പത്തിക വർഷത്തിലെ മൂന്നാം പാദത്തിൽ പതിനേഴായിരം കോടിയിലേറെ രൂപയുടെ വായ്പ നൽകി. മുൻഗണനാ വിഭാഗത്തിനാണ് ഏറ്റവും കൂടുതൽ വായ്പ വിതരണം ചെയ്തത്.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ..

(വോയ്സ്)

************************************

## ആകാശവാണി 75 വാർഷികം

ആകാശവാണി തിരുവനന്തപുരം നിലയത്തിൻറെ 75-ാാം വാർഷികത്തോടനുബന്ധിച്ച് മുൻകാല പ്രവർത്തകരുടെ സംഗമം ഇന്ന് നടക്കും. വൈകിട്ട് 4 മണിക്ക് തിരുവനന്തപുരം ആകാശവാണി നിലയത്തിൽ നടക്കുന്ന പരിപാടി മാധ്യമ പ്രവർത്തകൻ എം.ജി.രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്യും.

RNU TVPM

************************************

## ജലവിതരണം മുടങ്ങും

തിരുവനന്തപുരം നഗരത്തിലെ പല പ്രദേശങ്ങളിലും നാളെ രാവിലെ 8 മുതൽ വെള്ളിയാഴ്ച രാവിലെ 8 വരെ കുടിവെള്ള വിതരണം മുടങ്ങും. അറ്റകുറ്റപണികൾക്കായി, അരുവിക്കരയിലെ 74 എം എൽ ഡി ജല ശുദ്ധീകരണശാലയുടെ പ്രവർത്തനം നിർത്തിവക്കുന്നതിനാലാണിത്. നഗരത്തിലെ 35 ഓളം വാർഡുകളിലും പള്ളിച്ചൽ, കല്ലിയൂർ പഞ്ചായത്തുകളിലും പൂർണ്ണമായും ചിലയിടങ്ങളിൽ ഭാഗികമായും കുടിവെള്ള വിതരണം തടസ്സപ്പെടുമെന്ന് ജല അതോറിറ്റി അറിയിച്ചു.

************************************

## പാർട്ടി കോൺഗ്രസ്

സിപിഐഎമ്മിന്റെ ഇരുപത്തി നാലാം പാർട്ടി കോൺഗ്രസിന് നാളെ മധുരയിൽ തുടക്കം. പൊളിറ്റ് ബ്യൂറോ കോ-ഓർഡിനേറ്റർ

പ്രകാശ് കാരാട്ട് പാർട്ടി കോൺഗ്രസ് ഉദ്ഘാടനം ചെയ്യും. 80 നിരീക്ഷകരടക്കം 811 പ്രതിനിധികൾ പാർട്ടി കോൺഗ്രസിൽ പങ്കെടുക്കും. ഈ മാസം ആറിന് സമ്മേളനം സമാപിക്കും.

************************************

## ശബരിമല

പൈങ്കുനി ഉത്രം മഹോത്സവം - മേട മാസ, വിഷു പൂജകൾക്കായിശബരിമല ക്ഷേത്രനട ഇന്നു വൈകിട്ട് നാലിനു തുറക്കും. നാളെ രാവിലെ സന്നിധാനത്ത് കൊടിയേറ്റു നടക്കും. പമ്പയിൽ ഈ മാസം 11-നാണ് ആറാട്ട്.

************************************

## പൈങ്കുനി ഉത്സവം

തിരുവനന്തപുരം ശ്രീ പദ്മനാഭ സ്വാമി ക്ഷേത്രത്തിലെ പൈങ്കുനി ഉത്സവത്തിന് നാളെ കൊടിയേറും. രാവിലെ 8.45 നു കൊടിയേറ്റിൻറെ ചടങ്ങുകൾ ആരംഭിക്കും. ഈ മാസം 10 ന് രാത്രി പള്ളിവേട്ടയും 11 നു ആറാട്ടും നടക്കും. ചിത്രാപൗർണ്ണമി ദിവസമായ 12 നു ആറാട്ട് കലശത്തോടെ ഉത്സവം സമാപിക്കും.

RNU TVPM

************************************

## കോസ്റ്റൽ സൈക്ളത്തോൺ

56-ാമത് സി. ഐ. എസ്. എഫ് സ്ഥാപകദിനത്തോടനുബന്ധിച്ച് സംഘടിപ്പിച്ച കോസ്റ്റൽ സൈക്ലത്തോണിന് കൊല്ലം നഗരത്തിൽ സ്വീകരണം നൽകി. ഈ മാസം 7- ന് ഗുജറാത്തിലെ ലാഖ്പത് ഫോർട്ട്, പശ്ചിമബംഗാളിലെ ബഖാലി എന്നിവിടങ്ങളിൽ നിന്ന് ആരംഭിച്ച സൈക്ലത്തോൺ കന്യാകുമാരിയിൽ സമാപിക്കും.

************************************

## കോട്ടയം -പിടിസി

കോട്ടയം ജില്ലയിൽ ആകാശവാണി പാർട്ട് ടൈം കറസ്പോണ്ടൻറിനെ കരാർ അടിസ്ഥാനത്തിൽ എടുക്കുന്നതിനുള്ള അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകർ ജില്ലാ ആസ്ഥാനത്ത് നിന്നും 10 കി.മീ. ചുറ്റളവിൽ സ്ഥിര താമസക്കാരായിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് prasarbharati.gov.in/pbvacancies/ എന്ന വെബ് സൈറ്റ് സന്ദർശിക്കുക. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി മേയ് 30. വിശദവിവരങ്ങൾക്ക് തിങ്കൾ മുതൽ വെള്ളി വരെ രാവിലെ 10 മുതൽ വൈകുന്നേരം 5 വരെ 0471-2324983 എന്ന നമ്പറിൽ ബന്ധപ്പെടുക. Email id: airnewstvpm@gmail.com.

***********************************

RNU TVPM

## ഓഹരി / സ്വർണ്ണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 1,266 പോയിന്റ് താഴ്ന്ന് 76,147 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 329 പോയിന്റ് കുറഞ്ഞ് 23,190 ലും വ്യാപാരം തുടരുന്നു. സ്വർണ്ണ വിലയിൽ വർധന. ഗ്രാമിന് 85 രൂപ കൂടി 8,510 രൂപയും, പവന് 680 രൂപ കൂടി 68,080 രൂപയുമാണ് ഇന്നത്തെ സ്വർണ്ണ വില.

*************************************************************************

*****************************